പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3165 — 10.12.2018 ൽ മറുപടിക്ക്

# തിരുവനന്തപുരം-കന്യാകുമാരി റെയിൽ പാത ഇരട്ടിപ്പിക്കൽ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം-കന്യാകുമാരി റെയിൽ പാത രണ്ട് വരി ആക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;<br><br>(ബി) തിരുവനന്തപുരം മുതൽ പാറശ്ശാല വരെ രണ്ട് വരി പാത ആക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചോ; | (എ) യും (ബി) യും തിരുവനന്തപുരം മുതൽ നേമം വരെയുള്ള റെയിൽവെപാത ഇരട്ടിപ്പിക്കലിനുവേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ ഭാഗമായി തിരുമല, നേമം, തൈക്കാട്, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ ഭൂമി ഏറ്റെടുത്തു നൽകുന്നതിനായി റെയിൽവേ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 07.11.2018 ലെ സ.ഉ(സാധാ) 495/18/ഗതാ നമ്പർ പ്രകാരം LARR Act, 2013 ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 15.11.2018 ലെ ബി1/787/2018/റവ നമ്പർ കത്തു പ്രകാരം എസ്.ഐ.എ യൂണിറ്റുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കലിനുവേണ്ട എസ്.ഐ.എ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്. നേമം മുതൽ നെയ്യാറ്റിൻകര വരെയുള്ള റെയിൽവേപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട പള്ളിച്ചൽ, അതിയന്നൂർ, നെയ്യാറ്റിൻകര വില്ലേജുകളിലായി 3.2000 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന റെയിൽവേ സമർപ്പിച്ചെങ്കിലും, പഴയ സർവ്വെ നമ്പറിന്റെ അടിസ്ഥാനത്തിലുള്ള അർത്ഥനയായതിനാൽ റീ സർവ്വെ നമ്പറുകളുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ അർത്ഥന ലഭ്യമാക്കുന്നതിന് റെയിൽവേക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ അർത്ഥന ലഭ്യമാവുന്ന മുറയ്ക്ക് LARR Act, 2013 ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. |

| | |
|---|---|
| (സി) ബാലരാമപുരം മുതൽ അമരവിള വരെ ഉള്ള പാത ഇരട്ടിപ്പിക്കലിന് ഏത് വശത്തുനിന്നുമാണ് സ്ഥലം ഏറ്റെടുക്കുന്നത്; ഏറ്റെടുക്കുന്ന സ്ഥലം എത്ര മീറ്റർ വീതിയിൽ ആണ് എന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും (ഇ) യും ബാലരാമപുരം മുതൽ അമരവിള വരെയുള്ള പാതയിരട്ടിപ്പിക്കലിനും, ബന്ധപ്പെട്ട അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച അർത്ഥന റെയിൽവേയിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) ബാലരാമപുരം മുതൽ അമരവിള വരെ സ്ഥലം ഏറ്റെടുക്കുമ്പോൾ ഇരു വശങ്ങളിലുമായി ഏതൊക്കെ സ്ഥലത്ത് ആണ് പുതിയ പാലങ്ങൾ നിർമ്മിക്കുന്നത്; അതിന്റെ പേരുവിവരം വ്യക്തമാക്കാമോ; | |
| (ഇ) പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഏതൊക്കെ തരത്തിൽ ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആണ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ